മുഖ്യമന്ത്രി ആഭ്യന്തര മന്ത്രിസ്ഥാനം ഒഴിയണം: എം.എം.ഹസൻ

തിരുവനന്തപുരം: കേരളത്തെ രാഷ്ട്രീയ കൊലക്കളമാക്കാൻ നേതൃത്വം കൊടുക്കുന്ന മുഖ്യമന്ത്രി പിണറായി വിജയൻ ആഭ്യന്തര മന്ത്രിസ്ഥാനം ഒഴിയണമെന്ന് കെ.പി.സി.സി മുൻ പ്രസിഡന്റ് എം.എം.ഹസൻ ആവശ്യപ്പെട്ടു.പെരിയ കല്യോട്ട്കൊല്ലപ്പെട്ടയുത്ത്കോൺഗ്രസ്പ്രവർത്തകരായ കൃപേഷിന്റെയും ശരത്‌ലാലിന്റെയും കുടുംബാംഗങ്ങളെആശ്വസിപ്പിക്കാനെത്തിയതായിരുന്നു അദ്ദേഹം. സത്യാവസ്ഥ പുറത്ത് കൊണ്ടുവരാൻ പാർട്ടി ഏതറ്റം വരെയും പോവുമെന്നും ഹസ്സൻ പറഞ്ഞു.കെ.പി.സി.സി ജനറൽ സെക്രട്ടറി അഡ്വ.സജീവ് ജോസഫ്, സെക്രട്ടറിമാരായ കെ. നീലകണ്ഠൻ, ജി. രതികുമാർ, നിർവാഹക സമിതിയംഗം പി.എ.അഷറഫലി എന്നിവരും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു.

www.keralakaumudi.com www.facebook.com/keralakaumudi

ദർശന പുണ്യമേകാൻ ശ്രീശ്രീരവിശങ്കർ ഇന്നെത്തും

കൊല്ലം: ലക്ഷക്കണക്കിന് ഭക്തർക്ക് ദർശന പുണ്യവും ആനന്ദലഹരിയുമേകാൻ ജീവനകലയുടെ ആചാര്യൻ ശ്രീശ്രീരവിശങ്കർഇന്ന് നഗരത്തിലെത്തും. കൊല്ലം ആശ്രാമം മൈതാനത്ത് പ്രത്യേകം തയ്യാറാക്കിയ സത്സംഗ്‌വേദിയിൽ അദ്ദേഹം അനുഗ്രഹവചസുകൾചൊരിയും.

ആറ്‌വർഷത്തിന്‌ശേഷമാണ് അദ്ദേഹം കൊല്ലത്തെത്തുന്നത്. വൈകിട്ട് നാല് മണിയോടെ കൊച്ചിയിൽനിന്ന്ഹെലികോപ്ടറിലാകും ആശ്രാമം മൈതാനത്തെത്തുക. രണ്ട് മണിക്കൂർ വിശ്രമത്തിന് ശേഷം ആറുമണിയോടെ ആശ്രാമം മൈതാനത്തെ കൂറ്റൻ സത്സംഗ്‌വേദിയിലെത്തും.

മൂന്ന് മണിക്കൂർ അദ്ദേഹത്തിന്റെ പ്രഭാഷണമാണ്. രാത്രി കൊല്ലത്ത് വിശ്രമിച്ചശേഷം നാളെ രാവിലെ പയ്യോളി ആശ്രമത്തിലേക്ക് പോകും.

കൊലപാതക രാഷ്ട്രീയം അവസാനിപ്പിക്കണമെന്ന്

തിരുവനന്തപുരം: അക്രമരാഷ്ട്രീയവും നരബലിയും നവോത്ഥാന കേരളസംസ്കാരത്തിന്ചേർന്നതല്ലെന്നും ആയുധങ്ങൾ കൊണ്ടല്ല ആശയങ്ങൾരാഷ്ട്രീയഷാർട്ടുകൾ പോരാട്ടം നടത്തേണ്ടതെന്നും പ്രമുഖ സാഹിത്യ, സാംസ്കാരിക നായകർ പ്രസ്താവിച്ചു.

രാഷ്ട്രീയ പകപോക്കലിനായി കാസർകോട്ടെ നിർദ്ധന കുടുംബത്തിൽപെട്ട കൃപേഷ്, ശരത്‌ലാൽ എന്നീ യുവാക്കൾ കൊല്ലപ്പെട്ട ദാരുണസംഭവം ആവർത്തിക്കാതിരിക്കാൻരാഷ്ട്രീയഷാർട്ടുകൾകൊലപാതക രാഷ്ട്രീയത്തിനെതിരെ നിലപാടുകളെടുക്കണമെന്നും സുഗതകുമാരിഅടക്കമുള്ള പ്രമുഖഎഴുത്തുകാർ ഒപ്പുവച്ച പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

സുഗതകുമാരിക്ക് പുറമേ, കെ. എൽ. മോഹനവർമ്മ, ടി.പി. ശ്രീനിവാസൻ, ഡോ. ജോർജ്ഓണക്കൂർ, ഡോ. പോൾ മണലിൽ, ചുനക്കര രാമൻകുട്ടി, പ്രൊഫ. ജി. ബാലചന്ദ്രൻ, ബാലചന്ദ്രൻ വടക്കേത്ത്, ടി. രാജീവ്നാഥ്, ഡോ. പി.വി. കൃഷ്ണൻനായർ, ഡോ. വിളക്കുടിരാജേന്ദ്രൻ, ഡോ. കല്പറ്റബാലകൃഷ്ണൻ, പ്രൊഫ. കാട്ടൂർ നാരായണപിള്ള, ഡോ.എൻ. മുകുന്ദൻ, സുദർശൻ കാർത്തികപ്പറമ്പിൽ, ഗിരിജ സേതുനാഥ്, ഡോ. ഷൊർണ്ണൂർ കാർത്തികേയൻ, ഡോ. അജിതൻ മേനോത്ത്, നെടുമുടിഹരികുമാർ, ശ്രീമൂലനഗരം മോഹൻ, ആര്യാടൻ ഷൗക്കത്ത് എന്നിവരാണ് ഒപ്പുവച്ചിരിക്കുന്നത്.

വാട്ടർ കൂളറിൽ തുപ്പിയ സംഭവം: വിദ്യാർത്ഥിക്ക് ക്ലാസിൽ കയറാം

കൊച്ചി : കോളേജിലെ വാട്ടർ ക്കൂളറിൽതുപ്പിയെന്നാരോപിച്ച്സസ്പെൻഡ്ചെയ്തതിനെതിരെഐൻജിനിയറിംഗ് വിദ്യാർത്ഥി നൽകിയ ഹർജിയിൽ അടുത്ത ദിവസം പ്രിൻസിപ്പലിനെ കണ്ടിട്ട് ക്ലാസിൽ കയറാൻ ഹൈക്കോടതി അനുമതി നൽകി.

അടൂർ ശ്രീനാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ടെക്നോളജിയിലെ മൂന്നാം വർഷ വിദ്യാർത്ഥി ഓമല്ലൂർ സ്വദേശി അനന്തു അനിൽ നൽകിയഹർജിയിലാണ്ഹൈക്കോടതിയുടെ നിർദേശം. ഏഴ് ദിവസത്തേക്കാണ്ഹർജിക്കാരനെ കോളേജ് അധികൃതർ സസ്പെൻഡ് ചെയ്തത്.

വിദ്യാർത്ഥി 15000 രൂപ നഷ്ടപരിഹാരം നൽകേണ്ടി വരുമെന്നും പറഞ്ഞിരുന്നു. എന്നാൽ ഈ തുക നൽകേണ്ടതില്ലെന്ന് വ്യക്തമാക്കിയ ഹൈക്കോടതി ഇന്ന് രാവിലെഎട്ടിന്കോളേജിലെത്തി പ്രിൻസിപ്പലിനെ കണ്ടശേഷംക്ലാസിൽ കയറാൻ നിർദേശം നൽകി.

രാഷ്ട്രീയ എതിരാളികളെ കൊല്ലുന്ന രീതിക്ക് സമൂഹത്തിൽ സ്ഥാനമില്ല: ഹൈക്കോടതി

കൊച്ചി : രാഷ്ട്രീയ എതിരാളികളെ ഇല്ലാതാക്കുന്ന സിദ്ധാന്തത്തിന് പരിഷ്കൃത സമൂഹത്തിൽ സ്ഥാനമില്ലെന്ന് ഹൈക്കോടതി അഭിപ്രായപ്പെട്ടു. ഷുഹൈബ് വധക്കേസിലെ പ്രതികളുടെ ജാമ്യഹർജി തള്ളിയാണ് സിംഗിൾബെഞ്ച് ഇക്കാര്യം വ്യക്തമാക്കിയത്. ഷുഹൈബിനെ വധിച്ചത് ക്രൂരവും പൈശാചികവുമായ സംഭവമാണ്. വ്യക്തമായ ഗൂഢാലോചനയും ആസൂത്രണവും ഇതിനു പിന്നിലുണ്ട്. പ്രൊഫഷണൽ കൊലയാളികളുടെ കൃത്യതയോടെയാണ്കൊലപ്പെടുത്തിയത്. തുടർച്ചയായ രാഷ്ട്രീയ അതിക്രമങ്ങളുടെബാക്കിയാണ് ഷുഹൈബിനെകൊലപ്പെടുത്തിയ സംഭവമെന്നും ഹൈക്കോടതി വിലയിരുത്തി.

ഷുഹൈബ് വധക്കേസിലെ ഒന്നാം പ്രതി ആകാശ് തില്ലങ്കേരി, രണ്ടാം പ്രതി രഞ്ജിത്ത് രാജ്, മൂന്നാം പ്രതി കെ. ജിതിൻ, നാലാം പ്രതി സി.എസ്. ദീപക് ചന്ദ് എന്നിവരുടെ ജാമ്യാപേക്ഷയാണ് ഹൈക്കോടതി തള്ളിയത്. പ്രതികൾക്ക് ജാമ്യം നൽകിയാൽ കേസിലെ സാക്ഷികളെ ഭീഷണിപ്പെടുത്താനും സ്വാധീനിക്കാനുമിടയുണ്ട്. മാത്രമല്ല, പ്രതികൾ കുറ്റകൃത്യങ്ങൾ ആവർത്തിക്കാനും സാദ്ധ്യതയുണ്ട്. ഈമേഖലയിൽശാന്തിയും സമാധാനവും ഉറപ്പുവരുത്തേണ്ടതിനാൽ പ്രതികളുടെ ജാമ്യഹർജി തള്ളുകയാണെന്ന് സിംഗിൾബെഞ്ചിന്റെ വിധിയിൽ പറയുന്നു.

കഴിഞ്ഞവർഷം ഫെബ്രുവരി 12 നാണ്‌യുത്ത്കോൺഗ്രസ്പ്രവർത്തകനായ ഷുഹൈബിനെ കൊലപ്പെടുത്തിയത്. ഇവരിൽ ആകാശിനെയും രഞ്ജിത്തിനെയും 2018 ഫെബ്രുവരി 19 നും ജിതിനെ 2018 ഫെബ്രുവരി 26 നും ദീപക്കിനെ 2018മാർച്ച്നാലിനും അറസ്റ്റുചെയ്തു. പ്രതികൾ ഇപ്പോഴും ജയിലിലാണ്. കേസിൽ അന്വേഷണം പൂർത്തിയായെന്നും അന്തിമറിപ്പോർട്ട്സമർപ്പിച്ചുവെന്നുംപ്രോസിക്യൂഷൻകോടതിയിൽ ബോധിപ്പിച്ചു.

സെക്രട്ടേറിയറ്റിനുമുന്നിൽ സമരം കിടക്കുന്ന എം പാനൽ ജീവനക്കാർ വായമൂടിക്കെട്ടി മനുഷ്യച്ചങ്ങല തീർത്തപ്പോൾ

ധീരജവാന് ആദരപുഷ്പങ്ങളുമായി മമ്മൂട്ടി

കൽപ്പറ്റ: സിനിമയിൽ എത്രയോ സൈനിക വേഷങ്ങൾക്കു ധീരമുഖം നൽകിയ നടൻ മമ്മൂട്ടി, പുൽവാമയിലെ ഭീകരാക്രമണത്തിൽ വീരമൃത്യു വരിച്ച വസന്തകുമാറിന്റെ കുഴിമാടത്തിനരികെ നിശ്ശബ്ദം നിന്നു. പിന്നെ, ഒരുപിടി പൂക്കൾകൊണ്ട് ഹൃദയാദരമർപ്പിച്ചു.

വയനാട് തൃക്കൈപ്പറ്റ മുക്കം കുന്നിലെ വി.വി. വസന്തകുമാറിന്റെ വീട്ടിലേക്ക്മമ്മൂട്ടിയുടെ വരവ് അപ്രതീക്ഷിതമായിരുന്നു. ഒപ്പമുണ്ടായിരുന്നത് നടൻ അബു സലിം മാത്രം. എറണാകുളത്തു നിന്നുള്ള വിമാനത്തിൽ കരിപ്പൂരിലെത്തിയ മമ്മൂട്ടി, അബുവിനെയും കൂട്ടിയാണ് ഇന്നലെ രാവിലെ പതിനൊന്നരയോടെ വസന്തകുമാറിന്റെ തറവാട്ടിലെത്തിയത്.

നടൻ മമ്മൂട്ടി വസന്തകുമാറിന്റെ ശവകുടീര ത്തിൽ

മുന്നറിയിപ്പില്ലാതെ എത്തിയ അതിഥിയെ കണ്ട് കോളനി ക്കാർആദ്യമൊന്ന്അമ്പരന്നു. വീട്ടിലേക്കുകയറിച്ചെന്നമമ്മൂട്ടി വസന്തകുമാറിന്റെ ഭാര്യഷീനയെ ആശ്വസിപ്പിച്ചു. രണ്ടുമക്കളെയും ചേർത്തുപിടിച്ച് പഠിത്തക്കാര്യം ചോദിച്ചു. അരമണിക്കൂറോളം വീട്ടിൽചെലവിട്ട ശേഷം വസന്തകുമാറിന്റെ കുഴിമാടത്തിൽ റീത്ത് സമർപ്പിച്ചു.

കാസർകോട് ഇരട്ടക്കൊല: ബംഗളൂരുവിൽ തെരച്ചിൽ

▸ ഉദിനൂർ സുകുമാരൻ

കാസർകോട് : യുത്ത് കോൺഗ്രസ് പ്രവർത്തകരായ കൃപേഷും ശരത്‌ലാലും കൊല്ലപ്പെട്ട കേസിൽ, ഒരാൾ അറസ്റ്റിലായതിനെ പിന്നാലെ, കൊലയാളി സംഘത്തിലെ മറ്റുള്ളവർക്കായി കർണാടകത്തിലേക്ക്തെരച്ചിൽവ്യാപിപ്പിച്ച് പൊലീസ്. അന്വേഷണത്തിന്കർണാടകപൊലീസിന്റെസഹായവും തേടിയിട്ടുണ്ട്.

പെരിയയിൽ കൃത്യം നടത്തിയശേഷം രക്ഷപ്പെട്ട സംഘംബംഗളൂരുവിലേക്ക് കടന്നതായാണ് അന്വേഷണ സംഘത്തിനു ലഭിച്ച വിവരം. അതേസമയം, കാസർകോടിന്റെ അതിർത്തി മേഖലകളിലും തെരച്ചിൽ ഊർജ്ജിതമാക്കിയിട്ടുണ്ട്. മൂഴവൻ സംഘാംഗങ്ങളെയും രണ്ടു ദിവസത്തിനകം പിടികൂടാൻ കഴിയുമെന്നാണ് പ്രതീക്ഷയെന്ന്പൊലീസ്പറഞ്ഞു.

കാസർകോട്ക്രൈം ഡിറ്റാച്ച് മെന്റ്ഡിവൈ.എസ്.പി എം പ്രദീപ്കുമാർ, ക്രൈംബ്രാഞ്ച്ഡിവൈ. എസ്. പി ടി.പി. രഞ്ജിത്ത്, ഡിവൈ.എസ്.പി ജെയ്സൺ കെ. എബ്രഹാം, സി.ഐ സി.എ. അബ്ദുറഹീം, കുമ്പള സി.ഐ കെ. പ്രേംസദൻ, ആദൂർ സി.ഐ എ. എം മാത്യു, ബേക്കൽ സി.ഐ വി. കെ. വിശ്വംഭരൻ, ജില്ലാ പൊലീസ് ചീഫിന്റെ സ്ക്വാഡ് അംഗങ്ങൾ എന്നിവരുൾപ്പെട്ട പ്രത്യേക സംഘമാണ് കേസ് അന്വേഷിക്കുന്നത്. ആവശ്യമെങ്കിൽ അന്വേഷണ സംഘത്തെവിപുലീകരിക്കുമെന്ന് ജില്ലാ പൊലീസ് ചീഫ് ഡോ. എ. ശ്രീനിവാസ് പറഞ്ഞു.

കോതമംഗലം പള്ളിത്തർക്കം : സാവകാശം വേണമെന്ന് ഡിവൈ.എസ്.പി

കൊച്ചി : രക്തച്ചൊരിച്ചിൽ ഒഴിവാക്കി കോതമംഗലം ചെറിയ പള്ളിയിൽ ഓർത്തഡോക്സ് വിഭാഗം വികാരിയുടെ അവകാശം സ്ഥാപിച്ചു നൽകാൻ ബുദ്ധിമുട്ടാണെന്ന് മൂവാറ്റുപുഴ ഡിവൈ. എസ്.പി ഹൈക്കോടതിയിൽ ബോധിപ്പിച്ചു.

ഓർത്തഡോക്സ് വിഭാഗം വികാരി തോമസ് പോൾ റമ്പാന് പൊലീസ്സംരക്ഷണം നൽകാൻഎന്താണ്തടസമെന്ന്വ്യക്തമാക്കാൻ ഫെബ്രുവരി 14 ന് കേസ്പരിഗണിക്കവെഹൈക്കോടതി ആരാഞ്ഞിരുന്നു. ഇതിനു മറുപടിയായാണ് ഡിവൈ.എസ്.പി കെ. ജിജുമോൻ സ്റ്റേറ്റ്മെന്റ് നൽകിയത്.

കോതമംഗലം മേഖലയിലെ വലിയ ജനവിഭാഗത്തിന്റെ ആത്മീയ കേന്ദ്രമാണ് ചെറിയ പള്ളി. ഈ ഇടവകയിലെ 99 ശതമാനവും യാക്കോബായ വിഭാഗക്കാരാണ്.

ഇവർക്കു മേൽ ഓർത്തഡോക്സ് വിഭാഗത്തിന്റെ അവകാശം സ്ഥാപിച്ചു നൽകുന്നത് ഗുരുതരമായ ക്രമസമാധാന പ്രശ്നങ്ങളുണ്ടാക്കുമെന്ന് ആശങ്കയുണ്ട്.

ഓർത്തഡോക്സ് വികാരിയുടെ മതപരമായ അവകാശം സ്ഥാപിച്ചു നൽകിയാൽ കടുത്ത മതവിശ്വാസികളായ എതിർചേരി ഏതുതരത്തിലുള്ള അക്രമത്തിനും മുതിരും. സുപ്രീംകോടതിവിധിയും പൊലീസ്സംരക്ഷണം നൽകണമെന്ന മുൻസിഫ് കോടതി വിധിയും നടപ്പാക്കാൻ സാവകാശം വേണം.

ഓർത്തഡോക്സ്, യാക്കോബായ വിഭാഗങ്ങൾ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കാൻ അഞ്ചംഗമന്ത്രിസഭാ ഉപസമിതിക്ക് രൂപം നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽമതിയായ സമയം അനുവദിക്കണം.

തിട്ടക്കത്തിൽ വിധി നടപ്പാക്കാൻശ്രമിക്കുന്നത്വലിയതോതിൽആൾനാശമുണ്ടാക്കും. ഹർജിക്കാരനെ തടഞ്ഞുതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഡിസംബർ 20, 21 തീയതികളിലുണ്ടായ സംഭവങ്ങളിൽ മൂന്നു കേസുകൾ രജിസ്റ്റർ ചെയ്തു.

ഇവയിൽ ഇരുനൂറോളം പേരെ അറസ്റ്റ് ചെയ്തെന്നും സ്റ്റേറ്റ്മെന്റിൽ പറയുന്നു.

കന്യാസ്ത്രീയെ തടങ്കലിലാക്കിയവരെ അറസ്റ്റുചെയ്യണം: എസ്.ഒ.എസ്

കൊച്ചി: ബിഷപ്ഫ്രാങ്കോ മുളയ്ക്കൽ പ്രതിയായ പീഡനക്കേസിലെ പ്രധാന സാക്ഷികളിലൊരാളായ സിസ്റ്റർ ലിസി വടക്കേലിനെ തടങ്കലിലാക്കിഭീഷണിപ്പെടുത്തിതെളിവ്നശിപ്പിക്കാൻ ശ്രമിച്ച എഫ്.സി.സി പ്രോവിൻഷ്യലിനെയും മറ്റു കന്യാസ്ത്രീകളെയും അറസ്റ്റുചെയ്യണമെന്ന് സേവ് ഔവർ സിസ്റ്റേഴ്സ് ആക്ഷൻ കൗൺസിൽ (എസ്.ഒ.എസ്) ആവശ്യപ്പെട്ടു.കന്യാസ്ത്രീയ ബിഷപ്ഫ്രാങ്കോപീഡിപ്പിച്ചകേസിൽ വിചാരണ പൂർത്തിയാകും വരെ മുഴുവൻസാക്ഷികൾക്കും സംരക്ഷണം ഉറപ്പാക്കണമെന്നാവശ്യപ്പെട്ട്മുഖ്യമന്ത്രിയെ സമീപിക്കുമെന്ന് ആക്ഷൻ കൺസിൽ കൺവീനർ ഫെലിക്സ് ജെ. പല്ലൂൻ, ജോയിന്റ്കൺവീനർഐഷ്മ ആന്റണി എന്നിവർവാർത്താസമ്മേളനത്തിൽ പറഞ്ഞു.

ഇമാം ഒളിവിൽത്തന്നെ; പെൺകുട്ടിയെ നേരത്തേ പീഡിപ്പിച്ച വൃദ്ധൻ പിടിയിൽ

വിതുര:പ്രായപൂർത്തിയാകാത്ത സ്കൂൾവിദ്യാർത്ഥിനിയെ കാറിൽ കടത്തികൊണ്ടുപോയി പീഡിപ്പിച്ച കേസിലെ പ്രതി തൊളിക്കോട് ജുമാമസ്ജിദിലെ മുൻ ഇമാം ഷെഫീക്ക് അൽഖാസിമിയുടെ അറസ്റ്റ് നീളുന്നതിനിടെ, ആറു വർഷം മുമ്പ് പെൺകുട്ടിയെ പീഡിപ്പിക്കാൻ ശ്രമിച്ച എഴുപതുകാരൻ അറസ്റ്റിലായി. വിതുര ശാസ്താംകാവ് ജയാഭവനിൽ ജി. ശശി ആണ് പിടിയിലായത്.

അറസ്റ്റിലായ ശശി

ഇമാമിന്റെ പീഡനത്തിന്ഇരയായ പെൺകുട്ടി ചൈൽഡ് വെൽഫെയർ കമ്മിറ്റി നൽകിയ കൗൺസലിംഗിനിടെയാണ് ആറു വർഷം മുമ്പ് കെട്ടിട നിർമാണത്തൊഴിലാളിയായ ശശി പീഡിപ്പിക്കാൻശ്രമിച്ചത്‌വെളിപ്പെടുത്തിയത്.

പെൺകുട്ടിയുടെ വീട്ടിൽ ജോലിക്കു വന്നപ്പോഴായിരുന്നു പീഡനശ്രമം. മൊഴിയെ ഉടർന്ന്വിതുര പൊലീസ്നടത്തിയഅന്വേഷണത്തിലാണ്ശശിയെ കസ്റ്റഡിയിലെടുത്തത്. ഇയാളെ ഇന്നലെ വൈകിട്ട് കോടതിയിൽ ഹാജരാക്കി.

അതേസമയം, പെൺകുട്ടിയെ കാറിൽപീഡിപ്പിച്ചശേഷം ഒളിവിൽ പോയ ഷെഫീക്ക് അൽഖാസിമിയെ അറസ്റ്റ്ചെയ്യാൻ സഹായകമായ വിവരങ്ങളൊന്നും ലഭിച്ചില്ലെന്ന് പൊലീസ് പറഞ്ഞു. ഷെഫീഖ് ബംഗളൂരുവിൽ ഉണ്ടെന്ന വിവരത്തെ തുടർന്ന്അവിടെഅന്വേഷണം നടത്തിയെങ്കിലും വിഫലമായി. പ്രതിക്കായിപ്പുകൗട്ടുനോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട തിരുവനന്തപുരം
മുൻസിഫ് കോടതി I മുമ്പാകെ
O.S No. 2304 / 2014
വാദി : State Bank of India, RACPC, LMS Compound, Palayam, Thiruvananthapuram Rep: by its Chief Manager Mohanakumaran Nair
പ്രതി : C.V. Premkumar, S/o.Chellappan, Aged 51 years, T.C No.30/384 (2), Kallummoodu, Anayara P.O., Thiruvananthapuram
ടി നമ്പർ കേസിൽ പ്രതിയെ തെരുപ്പെടുത്തുന്ന നോട്ടീസ്
ടി നമ്പർ കേസിൽ വാദി ബോധിപ്പിച്ച ടി നമ്പർ അനുസരിച്ചു 02.03.2019 തീയതി പകൽ 11 മണിയ്ക്ക് വിചാരണ വച്ചിരിക്കുന്നതും ടി നമ്പർ കേസ് സംബന്ധിച്ച് പ്രതിയ്ക്ക് എന്തെങ്കിലും തർക്കമോ ആക്ഷേപമോ ഉള്ള പക്ഷം താങ്കളോ കക്ഷിപ്രകാരം അധികാരപ്പെടുത്തിയ അഡ്വക്കേറ്റോ ഏങ്കന്റോ ബഹു:കോടതി മുൻപാകെ ഹാജരായി ആക്ഷേപം വല്ലതുമുണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളേണ്ടതും, തില്ലാത്തപക്ഷം താങ്കളെ കൂടാതെ ടി നമ്പർ കേസ് തീർച്ച ചെയ്യുമെന്നുള്ള വിവരം ഇതിനാൽ തെരുപ്പെടുത്തിക്കൊള്ളുന്നു.
ഉത്തരവിൻ പ്രകാരം
മണ്ടവിള റ്റി.എം ശ്രീകുമാർ
വാദിഭാഗം അഡ്വക്കേറ്റ്

SBI ഭാരതീയ സ്റ്റേറ്റ് ബാങ്ക്
RACPC, ചൈൽഡ് വെൽഫയർ കോംപ്ലക്സ്, LMS കോമ്പൗണ്ട്, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം-695 033
സ്ഥാവരസ്വത്ത് കൈവശപ്പെടുത്തൽ നോട്ടീസ് [(Rule 8 (1) For immovable property)]
സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്സെറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്ട് 2002 പ്രകാരം അധികാരം കിട്ടിയിട്ടുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ എന്ന നിലയിൽ സെക്യൂരിറ്റി ഇന്റസ്റ്റ് (എൻഫോഴ്സ്മെന്റ്) ആക്ട് 2002 സെക്ഷൻ 13 (12) & റൂൾ 3 പ്രകാരം വായ്പക്കാരായ/ജാമ്യക്കാരായ 1) ശ്രീ.സൺജു മാത്യു തോമസ്, S/o. മാത്യു തോമസ്, അൽബർഷ ഹൈറ്റ്സ്, ദുബായ്, യുണൈറ്റഡ് അറബ് എമിറേറ്റ്സ് & ശ്രീമതി.ജിൻസി മാത്യു, W/o. സൺജു മാത്യു 301, ഗയ്ദോത കോർ ബംഗ്ലാവ്, ആർ.ടി.ഒലെയിൻ, അന്ധേരി വെസ്റ്റ്, മുംബൈ , മഹാരാഷ്ട്ര എന്നിവർ 26.11.2018-ാം തീയതി പ്രകാരം നൽകാനുള്ള 56,74,239.00 (രൂപ അൻപത്തി ആറ് ലക്ഷത്തി എഴുപത്തി നാലായിത്തി ഇരുന്നൂറ്റി മുപ്പത്തി ഒൻപത്) രൂപയും ഭാവി പലിശയും മറ്റു ചിലവുകളും 60 ദിവസത്തിനകം തിരിച്ചടയ്ക്കുന്നതിന് ഒരു ഡിമാന്റ് നോട്ടീസ് 26.11.2018 -ൽ അയച്ചിരുന്നു. ശ്രീ.സൺജു മാത്യു തോമസ് & ശ്രീമതി.ജിൻസി മാത്യു എന്നിവർ പ്രസ്തുത സമയത്തിനകം തുക അടയ്ക്കുവാൻ വീഴ്ച വരുത്തിയതിനെതുടർന്ന് മേൽപ്പറഞ്ഞ ആക്ടിലെ സെക്ഷൻ 13 (4) & റൂൾ 8 പ്രകാരമുള്ള അധികാരമുപയോഗിച്ച് താഴെപട്ടികയിൽ കൊടുത്തിരിക്കുന്ന സ്ഥാവര വസ്തു 14.02.2019 ൽ കരസ്ഥപ്പെടുത്തിയിരിക്കുന്നതായി ശ്രീ.സൺജു മാത്യു തോമസ് & ശ്രീമതി.ജിൻസി മാത്യു എന്നിവരെയും പ്രത്യേകിച്ചും ജനങ്ങളെയും പൊതുവായും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.
ഈ വസ്തുവിൽ യാതൊരുവിധ ഇടപാടും നടത്തുതെന്ന് ശ്രീ.സൺജു മാത്യു തോമസ് & ശ്രീമതി.ജിൻസി മാത്യു എന്നിവരെയും പ്രത്യേകിച്ചും ജനങ്ങളെ പൊതുവായും ഇതിനാൽ മുന്നറിയിപ്പ് നൽകുന്നു. ഈ വസ്തുവിലുള്ള ഏതൊരു ഇടപാടും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യക്ക് 14.02.2019-ാം തീയതി വരെ കിട്ടാനുള്ള 58,28,332/- (രൂപ അൻപത്തി എട്ട് ലക്ഷത്തി ഇരുപത്തി എണ്ണൂറിരുത്തി മൂന്നുറ്റി മുപ്പത്തി രണ്ട്) രൂപയ്ക്കും ഭാവി പലിശയ്ക്കും മറ്റു ചിലവുകൾക്കും വിധേയമായിരിക്കും.
ടി ബാദ്ധ്യതയിൽ നിന്നും സെക്യൂരിഡ് അസ്സറ്റ് ഒഴിപ്പിച്ചെടുക്കുന്നതിനുള്ള കാലാവധിയെ സംബന്ധിച്ച് സർഫെയിസി നിയമത്തിന്റെ വകുപ്പ് 13 (8) ൽ നിഷ്കർഷിച്ചിട്ടുള്ള വസ്തുതകളിലേയ്ക്ക് കൂടി കടക്കാരുടെ ശ്രദ്ധക്ഷണിച്ചു കൊള്ളുന്നു.
വസ്തു വിവരണം
തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ സർവ്വെ നം. 370/5-1, 370/5-2, 370/5-3 & 370/5-4 എന്നിവയിൽ ഉൾപ്പെട്ട അക്കെ 37 സെന്റ് വസ്തുവിൽ 29.12.2007 ലെ 4900/07-ാം നമ്പർ വിലയാധാരപ്രകാരം ശ്രീ.സൺജു മാത്യു തോമസ് & ശ്രീമതി.ജിൻസി മാത്യു എന്നിവർ പേരിൽ സിദ്ധിച്ച 0.796 സെന്റ് വസ്തുവിലെ വിഭജിക്കാനാകാത്ത അവകാശവും തന്നകത്തുള്ള M/s ഹീര കൺസ്ട്രക്ഷൻ കമ്പനി പ്രൈവറ്റ് ലിമിറ്റഡ് ബിൽഡേഴ്സിന്റെ ഹീര ഗേറ്റ് എന്ന് പേരുള്ള കെട്ടിടത്തിലെ ഒന്നാം നിലയിലെ 1768 sq.ft അളവുള്ള അപ്പാർട്ട്മെന്റ് നമ്പർ B1 ഉൾപ്പെടെ സകലവകകളും. അതിരുകൾ: കിഴക്ക്: സ്വകാര്യ വസ്തു, വടക്ക് : സ്വകാര്യ വസ്തുവും പബ്ലിക് ലെയിനും, പടിഞ്ഞാറ് : സ്വകാര്യ വസ്തു, തെക്ക് : പബ്ലിക് റോഡ്
തീയതി : 14.02.2019 (ഒപ്പ് (അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ),
സ്ഥലം : തിരുവനന്തപുരം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ

യുവതീപ്രവേശനത്തിന് ശുദ്ധിക്രിയ

തന്ത്രിയുടെ വിശദീകരണത്തിൽ ദേവസ്വം ബോർഡ് നിയമോപദേശം തേടും

തിരുവനന്തപുരം: ശബരിമലയിൽ യുവതികൾ പ്രവേശിച്ചതിനെ തുടർന്ന്ശുദ്ധിക്രിയ നടത്തിയതിന്തന്ത്രി നൽകിയ വിശദീകരണത്തിൽ നിയമോപദേശം തേടാൻ ഇന്നലെചേർന്ന ദേവസ്വംബോർഡ് യോഗം തീരുമാനിച്ചു.

കമ്മിഷണർ ബോർഡിന് കൈമാറിയ വിശദീകരണം ബോർഡ് യോഗം വിശദമായി ചർച്ച ചെയ്തു. ശുദ്ധിക്രിയയ്ക്കെതിരെ സുപ്രീംകോടതിയിൽ കേസുണ്ട്. ഈ സാഹചര്യത്തിൽ ബോർഡ് സ്വയം തീരുമാനമെടുത്താൽ അത് ദോഷകരമാവുമെന്ന അഭിപ്രായമാണ് ചർച്ചയിൽ ഉയർന്നത്. ബോർഡിന്റെ അനുമതി കൂടാതെയാണ് തന്ത്രിശുദ്ധിക്രിയ നടത്തിയത്. ഹൈക്കോടതിയിലെ സ്റ്റാൻഡിംഗ്കോൺസലിന്റെ ഉപദേശം കിട്ടിയശേഷം മതി ഇക്കാര്യത്തിൽ അന്തിമതീരുമാനം എന്ന നിലപാടാണ്മെമ്പർമാരും പ്രസിഡന്റും കമ്മിഷണറും കൈക്കൊണ്ടത്.

ശബരിമല മാസ്റ്റർ പ്ലാനിലെ പദ്ധതികൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽഇന്നലെവൈകിട്ട് ഉന്നതതല യോഗം ചേർന്നു. പ്ലാനിലെ 18 പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ യോഗത്തിൽ തീരുമാനിച്ചു. വിവിധ സ്ഥലങ്ങളിലായുള്ള ഇടത്താവളങ്ങളുടെ വികസനമാണ് ഇതിൽ പ്രധാനം. കുടിവെള്ള വിതരണം കാര്യക്ഷമമാക്കുക, സ്വിവറേജ് സൗകര്യം ഏർപ്പെടുത്തുക, തീർത്ഥാടകർക്ക് വിരിവയ്ക്കാൻ സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവയാണ് പ്രധാനം. അടുത്തമണ്ഡലകാലത്തിന്മുമ്പായ